# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4074 **16.12..2014**- ലെ മറുപടിക്ക്

## സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിനും പ്രൊഫഷണലിസത്തിനും ഉള്ള കർമ്മ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.പി. വിൻസെന്റ്<br>,, ലൂഡി ലൂയിസ്<br>,, എ.റ്റി. ജോർജ്ജ്<br>,, റ്റി.എൻ. പ്രതാപൻ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിനും പ്രൊഫഷണലിസത്തിനും ഊന്നൽ നൽകി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദ മാക്കുമോ ;<br><br>ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) യും (ബി) യും സഹകരണ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗിന്റെ ഭാഗമായി ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തി വരുന്നു. പ്രധാനമായും കോർ ബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ് , എ.ടി.എം, ആർ.ടി.ജി.എസ്, എൻ.ഇ.എഫ്.റ്റി, മുതലായ സേവനങ്ങൾ ഉൾപ്പെടുന്ന ആധുനിക ബാങ്കിംഗ് സൗകര്യങ്ങളാണ് സഹകരണ മേഖലയിൽ ഏർപ്പെടുത്തി വരുന്നത്. പ്രാഥമിക സഹകരണ സംഘങ്ങളിലും കോർ ബാങ്കിങ്ങിന്റെ ഭാഗമായി ആധുനിക സംവിധാനങ്ങൾ ലഭ്യമാക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതോടൊപ്പം ഭരണ സമിതികളിൽ പ്രൊഫഷനുകളെ ഉൾക്കൊള്ളിക്കുന്നതിന്റെ ഭാഗമായി ജില്ലാ സഹകരണ ബാങ്കുകളുടേയും അർബൻ സഹകരണ ബാങ്കുകളുടെയും ഭരണ സമിതിയിൽ പ്രൊഫഷണൽ യോഗ്യതയുള്ള 2 പേരെ തെരഞ്ഞെടുക്കാനുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 97-ാം ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ കേരള സഹകരണ സംഘം നിയമത്തിൽ ഭേദഗതി വരുത്തി കേരള നിയമസഭ പാസ്സാക്കിയ 2013 ലെ കേരളാ സഹകരണ സംഘം ഭേദഗതി നിയമത്തിലെ (2013 ലെ 8-ാം നമ്പർ നിയമം) വകുപ്പ് 28-ൽ എല്ലാ സഹകരണ സംഘങ്ങളിലും അതാത് സംഘങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യത്തിനനുസൃതമായി പ്രൊഫണൽ യോഗ്യതയുള്ളവരെ കോ-ഓപ്റ്റ് ചെയ്യാൻ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | എതെല്ലാം ഏജൻസികളുടെ സഹകരണമാണ് ഈ മേഖലയിൽ ഉപയോഗപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) | നബാർഡിന്റെ ആഭിമുഖ്യത്തിലുള്ള സ്കീമിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം, കോട്ടയം വയനാട്, കോഴിക്കോട്, മലപ്പുറം , കാസർഗോഡ് ഇടുക്കി എന്നീ ജില്ലാ സഹകരണ ബാങ്കുകൾ, വിപ്രോയുടെ സാങ്കേതിക സഹകരണത്തോടുകൂടി CBS ( കോർ ബാങ്കിംഗ് സൊല്യൂഷൻ) നടപ്പിൽ വരുത്തിയിട്ടുണ്ട്. മറ്റ് ജില്ലാ സഹകരണ ബാങ്കുകളിൽ ഇൻഫോസിസ് അടക്കമുള്ള വിവിധ ഏജൻസികളുടെ സഹകരണം ആവശ്യപ്പെട്ടിട്ടുണ്ട്. ചില അർബൻ ബാങ്കുകളിൽ NAFCUB - ന്റെ ആഭിമുഖ്യത്തിലും മറ്റുള്ളവ സ്വന്തമായിട്ടുമാണ് കോർ ബാങ്കിംഗ് നടപ്പിലാക്കിവരുന്നത്. പ്രാഥമിക സഹകരണ സംഘങ്ങളിലും സർവ്വീസ് സഹകരണ ബാങ്കുകളിലും ഒരു ഏകീകൃത രൂപം ഉണ്ടാക്കുന്നതിന്റെ ഭാഗമായി രൂപരേഖ തയ്യാറാക്കി വരുന്നു. |
| ഡി) | ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദമാക്കുമോ? | (ഡി) | നബാർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി കോർ ബാങ്കിംഗ് നടപ്പിലാക്കിയിട്ടുള്ള ജില്ലാസഹകരണ ബാങ്കുകളിലെ ഹെഡാഫീസുകളിൽ ട്രെയിനിംഗ് സെന്ററുകൾ ആരംഭിച്ച് കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിനോടൊപ്പം ജീവനക്കാർക്ക് അതിനു വേണ്ടുന്ന പരിശീലനം നൽകുന്നതിനും ബാങ്കുകൾ നടപടികൾ സ്വീകരിച്ചുവരുന്നു. സംഘങ്ങളിലൂടെ കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിന് രൂപരേഖ തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ